Works pending execution.

247. മിസ്റ്റർ കെ. എം. ഇബ്രാഹിം.—കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയ്ക്കു പല അവസരങ്ങളിലായി ഗവൺമെണ്ടു് ഉടനെ ചെയ്യിക്കുമെന്നു് ഏറ്റു പറഞ്ഞ ഏതെല്ലാം പണികൾ ഇപ്പോഴും ചെയ്യാതെ ബാക്കിയുണ്ടു്; അവ എപ്പോഴേയ്ക്കു് ചെയ്തീർക്കും?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—പണികളുടെ വിവരം കാണിച്ചു് ഒരു ലിസ്റ്റു തന്നാൽ മാത്രമെ ശരിയായ മറുപടി പറയുവാൻ സൗകര്യപ്പെടുകയുള്ളു.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഗവൺമെണ്ടു് ഏറ്റു പറഞ്ഞ ഇനങ്ങളുടെ ലീസ്റ്റു തരേണ്ടതു ഞാനാണോ?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—ഇതിൽ ചോദിച്ചിട്ടുള്ളതു് കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയ്ക്കു് പലേ അവസരങ്ങളിലായി ഗവൺമെണ്ടു് ഉടനെ ചെയ്യിക്കുമെന്നു ഏറ്റു പറഞ്ഞ ഏതെല്ലാം പണികൾ ഇപ്പോഴും ചെയ്യാതെ ബാക്കിയുണ്ടു്. എന്നാണു് അതിന്റെ ശരിയായ ഒരു ലിസ്റ്റു തയ്യാറാക്കണമെന്നുണ്ടെങ്കിൽ അധികം പ്രയാസമായിരിക്കും എന്നുള്ളതു കൊണ്ടാണു് ആ പണികളുടെ ഒരു ലിസ്റ്റു വേണമെന്നു് ആവശ്യപ്പെട്ടിട്ടുള്ളതു. അനേകം ഫയലുകൾ പരിശോധിച്ചിട്ടു വേണം ഇതിനു് ഒരു ലിസ്റ്റുണ്ടാക്കുവാൻ. ഇതൊക്കെ പറയുവാനെളുപ്പമുണ്ടു്. ഈ രണ്ടു കൊല്ലത്തിനിടയ്ക്കുള്ള ഫയലുകൾ നോക്കി ബാക്കിയുള്ള പണികൾ ഏതെല്ലാമാണെന്നു് ലീസ്റ്റുണ്ടാക്കുവാൻ പ്രയാസമാണു്.

മിസ്റ്റർ ജാർജ്ജ് ചാക്കാമറി.—ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു് ഗവൺമെണ്ടു് ഉടനെ ചെയ്യിക്കുമെന്നു് ഏറ്റു പറഞ്ഞ പണികളെ കുറിച്ചാണു്.

മിസ്റ്റർ എം. ഡി. നാരായണയ്യർ.—ഇതയാണെന്നു് എണ്ണം തിട്ടപ്പെടുത്തി പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—നോക്കി പറയുവാൻ വിരോധമുണ്ടോ?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—ഏതെല്ലാം ഫയൽസ് ആണെന്നു നിശ്ചയമില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അതു കണ്ടുപിടിക്കുവാനാണെല്ലോ നിങ്ങൾക്കു് രമ്പളവും തന്നു് ഇരുത്തിയിരിക്കുന്നതു്.

മിസ്റ്റർ എം. ഡി. നാരായണയ്യർ.—ഞങ്ങൾക്കു് വേറെയും പല ജോലികളുണ്ടു്

Roads maintained by the Government not thrown open to all castes and communities.

248. Mr. K. T. Mathew.—Will the Government be pleased to mention the roads maintained by the Government but not thrown for the use of all castes and communities?

LIBRARY ARCHIVES Kerala Legislative Assembly